

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

**Vol. 21 No. 6 Newsletter June 2023**



‘‘ആ കാലം എപ്പോൾ എന്ന് നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചുകൊൾവിൻ.
ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ’’ (മർക്കൊസ് 13:33)

# 185TH CONGREGATIONAL DAY PART-1



# CHURCH VOICE

21th year of publication

**JUNE 2023**



**EDITORIAL BOARD**

**EDITOR**

Mrs. Valsa D. S.

**SUB EDITOR**

Er. Ceragil Austin Prince

**MEMBERS**

Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com


**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


## CSI MATEER MEMORIAL CHURCH

### Regular Weekly Programme

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**LETTER FROM PRESBYTER**



# പ്ലാറ്റിനം ജൂബിലി വരെ... 8

**Rev. Dr. L. E. Sahanam**

**മിഷനറി പ്രസ്ഥാനങ്ങൾ**

വിറ്റൻബർഗിലെ കാസിൽ ദേവാലയ കവാടത്തിൽ മാർട്ടിൻ ലൂഥർ തന്റെ 95 വാദങ്ങൾ (95 Thesis) തറച്ചതു മുതലുള്ള ഏകദേശം രണ്ടു ശതാബ്ദങ്ങൾ (16-ഉം, 17-ഉം നൂറ്റാണ്ടുകൾ) യൂറോപ്പിലെ പല സഭകളിലെയും നവീകരണ വിശ്വാസികൾ പുതിയ സ്വതന്ത്ര സഭകൾക്ക് രൂപം നൽകുന്ന തത്രപ്പാടിലായിരുന്നു. ഈ കാലഘട്ടത്തിൽ ഔപചാരികമായി യാതൊരു മിഷനറി പ്രസ്ഥാനവും രൂപപ്പെട്ടിരുന്നില്ല. സാമ്പത്തിക കാരണങ്ങളിൽ യൂറോപ്പിൽ നിന്ന് ധാരാളം ജനവിഭാഗങ്ങൾ അമേരിക്കയിലേക്ക് കൂടിയേറിത്തുടങ്ങിയെങ്കിലും 18-ാം നൂറ്റാണ്ടു മുതലുള്ള വ്യാപകമായ കുടിയേറ്റം വിവിധ സഭാവിഭാഗങ്ങളുടെ വ്യാപനത്തിനും, അഭൂതപൂർവ്വമായ വളർച്ചക്കും കാരണമായി. ആദ്യകാല കുടിയേറ്റക്കാരിൽ ഫ്രാൻസ്, സ്പെയിൻ, പോർച്ചുകൽ, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ കുടിയേറിയവർ കത്തോലിക്ക സഭകൾക്കു രൂപം നൽകിയപ്പോൾ മറ്റു രാജ്യങ്ങളിലെ കുടിയേറ്റക്കാർ തങ്ങളുടെ സഭാവിശ്വാസവും ഒപ്പം കൂട്ടി. 1820തോടുകൂടി ഏകദേശം 26 ലക്ഷം യൂറോപ്യൻ കുടിയേറ്റക്കാർ അമേരിക്കയിൽ എത്തിച്ചേർന്നു എന്നാണ് കണക്ക്. അങ്ങനെ അമേരിക്കയിലെ വിവിധ പ്രദേശങ്ങളിലെ കോളനികളിൽ, ആംഗ്ലിക്കൻ (എപ്പിസ്കോപ്പൽ) പ്രെസ്ബിറ്റീരിയൻ, യൂണിറ്റേറിയൻ, അർമീനിയൻ, കോൺഗ്രിഗേഷണൽ, മോറോവിയൻ, ലൂഥറൻ, ക്വേക്കർ, മെനൊനൈറ്റ്, മെഥൊഡിസ്റ്റ്, ബാപ്റ്റിസ്റ്റ് എന്നിങ്ങനെ തങ്ങളുടെ വിശ്വാസങ്ങൾക്കനുസരിച്ച് നിരവധി സ്വതന്ത്ര സഭകൾ രൂപം കൊണ്ടു. ഇത്തരം സ്വതന്ത്ര സഭകൾ രൂപപ്പെടുത്തുന്നതിനു നേതൃത്വം നൽകിയവരിൽ നല്ലൊരു വിഭാഗം തങ്ങളുടെ രാജ്യങ്ങളിലെ ആഭ്യന്തര കലാപം മൂലം പുറത്താക്കപ്പെട്ടവരും മറ്റു കാരണങ്ങളാൽ പുറത്തു പോകുന്നതിന് നിർബന്ധിക്കപ്പെട്ടവരുമായിരുന്നു. കുടിയേറിപ്പാർത്തവർ ക്രമേണ തങ്ങളുടെ സഹായികളായിരുന്ന ആഫ്രിക്കൻ അടിമകളോടും, തദ്ദേശീയരായ അമേരിക്കക്കാരോടും സുവിശേഷം അറിയിച്ചു തുടങ്ങി.

**എസ്. പി. സി. കെ. (SPCK)**

18–ാം നൂറ്റാണ്ടോടുകൂടി അമേരിക്കയിലും ആഫ്രിക്കയിലും പല ഏഷ്യൻ രാജ്യങ്ങളിലും, ബ്രിട്ടൻ രാഷ്ട്രീയ സാമ്പത്തിക ആധിപത്യം ഉറപ്പിച്ചു. അത് നിലനിറുത്തുന്നതിന് ബ്രിട്ടീഷുകാരുടെ പട്ടാളത്തെയോ, മറ്റ് വെള്ളക്കാരായ ആളുകളെയോ അവർക്ക് കുടിയിരുത്തേണ്ടതായി വന്നു. അത്തരം സമൂഹങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങളും ക്രൈസ്തവ ശുശ്രൂഷകളും നിർവഹിക്കുന്നതിന് 1698–ൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ആർച്ച് ബിഷപ്പിന്റെ പ്രേരണയാൽ റവ. തോമസ് ബ്രേ (Thomas Bray)യുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്താനമാണ്: ദി സൊസൈറ്റി ഫോർ പ്രോമോട്ടിംഗ് ക്രിസ്ത്യൻ നോളഡ്ജ്. (The Society for promoting Christian knowledge) (SPCK). അമേരിക്കയിലെ കുടിയേറ്റക്കാരുടെയിടയിൽ പ്രവർത്തനമാരംഭിച്ചു തുടങ്ങിയ അവർ, അവിടത്തെ മറ്റു സമൂഹങ്ങളുടെയിടയിലും പ്രവർത്തനം വ്യാപിപ്പിച്ചു. ക്രമേണ മറ്റു രാജ്യങ്ങളിലെ ബ്രിട്ടീഷ് കോളനികളിലും അവർ ശ്രദ്ധ കേന്ദ്രീകരിച്ചു. കോളനി നിവാസികളെയും തദ്ദേശീയരെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ തല്പരരായിരുന്ന അവർ അതിനു സഹായകമായ സുവിശേഷ പ്രതികളും ക്രൈസ്തവ ലഘുലേഖകളും, മറ്റു ചെറുപുസ്തകങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിലാണ് തുടർന്ന് ശ്രദ്ധിച്ചത്.

തെക്കെ ഇന്ത്യയിലെ ആദ്യത്തെ പ്രൊട്ടസ്റ്റാന്റ് മിഷനറി സീഗൻബാർഗ് തരംഗംപാടിയിൽ വന്ന് മൂന്നുവർഷം കഴിഞ്ഞപ്പോൾ 1709–ൽ ഒരു അച്ചടിയന്ത്രവും പരിശീലനം സിദ്ധിച്ച ഒരു പ്രിന്ററെയും എസ്.പി.സി.കെ. തരംഗംപാടിയിലേക്കയച്ചു. അദ്ദേഹത്തിന്റെ മേൽ നോട്ടത്തിലാണ് ആദ്യമായി തമിഴ് വേദപുസ്തകം അച്ചടിച്ചു തുടങ്ങിയത്. ആദ്യകാലത്ത് അവർ സ്വന്തമായി മിഷനറിമാരെ അയച്ചിരുന്നെങ്കിലും ക്രമേണ അതിൽ നിന്നു പിന്മാറുകയും സുവിശേഷീകരണ പ്രവർത്തനം അവരുടെ തന്നെ ഒരു സഹോദരീ മിഷനറി സംഘടനയായ സൊസൈറ്റി ഫോർ ദി പ്രോപ്പഗേഷൻ ഓഫ് ഗോസ്പ്പൽ (എസ്.പി.ജി.) എന്ന സംഘടനയെ ഏല്പിക്കുകയും ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ അവർ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. ഇന്ന് ഇന്ത്യയിൽ അനേക ക്രൈസ്തവ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന ഐ.എ.സ്.പി.സി.കെ. (ISPCK) ഈ മിഷനറി പ്രസ്ഥാനത്തിന്റെ ഇന്ത്യൻ പതിപ്പാണ്.

**എസ്. പി. ജി. (SPG)**

ഇംഗ്ലണ്ടിലെ രാജാവിന്റെ പ്രത്യേക അനുമതി ഉപയോഗിച്ച് (Under the Royal English Charter) ചർച്ച് ഓഫ് ഇംഗ്ലണ്ട് റവ. തോമസ് ബ്രേയുടെ തന്നെ നേതൃത്വത്തിൽ സഭയുടെ ഔദ്യോഗിക മിഷനറി പ്രസ്ഥാനമായി 1701–ൽ ആരംഭിച്ചതാണ് സൊസൈറ്റി ഫോർ പ്രോപ്പഗേഷൻ ഓഫ് ദി ഗോസ്പൽ (SPG) എന്ന മിഷനറി പ്രസ്ഥാനം. അമേരിക്കയിലെ ആംഗ്ലിക്കൻ കുടിയേറ്റക്കാരുടെയിടയിൽ പ്രവർത്തിച്ചു കൊണ്ടാണ് എസ്.പി.ജി. യുടെ തുടക്കം. തുടർന്ന്, അവിടുത്തെ തദ്ദേശീയരുടെയും, മറ്റു രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരുടെയും അടിമകളായി കൊണ്ടു വന്ന കറുത്തവർഗ്ഗക്കാരുടെയിടയിലും പ്രവർത്തനം വ്യാപിപ്പിച്ചു.

ഇംഗ്ലണ്ടിന്റെ അധീനതയിലുള്ള കോളനി രാജ്യങ്ങളിലെ വിവിധ തോട്ടങ്ങളിലും, ഫാക്ടറികളിലും പണിയെടുക്കുന്ന തൊഴിലാളികൾക്കും, കുടിയേറ്റക്കാരായ വെള്ളക്കാർക്കും ശരിയായ പൗരോഹിത്യ ശുശ്രൂഷ (Anglican Ministry) നൽകുകയായിരുന്നു പ്രഥമ ലക്ഷ്യം. ക്രമേണ മറ്റു സമൂഹങ്ങളിൽ സുവിശേഷം അറിയിക്കുന്നതും, ബ്രിട്ടീഷ് ഗവണ്മെന്റിന്റെ ജീവകാരുണ്യ പ്രവത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ചുമതലയും അവർ ഏറ്റെടുത്തു. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഔദ്യോഗിക മിഷനറി സംഘടനയായിരുന്നതിനാൽ എല്ലാ പ്രദേശങ്ങളിലും ബ്രിട്ടന്റെയും, ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെയും പൂർണ്ണ പിന്തുണ അവർക്ക് ലഭിച്ചിരുന്നു. ബ്രിട്ടീഷ് കോളനികളിലേക്ക് അവർ പ്രവർത്തനം വ്യാപിപ്പിച്ചു. 1823 മുതൽ ഏഷ്യയിലെയും ആഫ്രിക്കയിലെയും ബ്രിട്ടീഷ് കോളനികളിലേയ്ക്ക് അവർപ്രവർത്തനം വ്യാപിപ്പിച്ചു. ഇന്ത്യയിൽ, ഇംഗ്ലണ്ടിൽ നിന്നു തന്നെയുള്ള പല മിഷനറി പ്രസ്ഥാനങ്ങളുമായി എസ്. പി.ജി.ക്കു ബന്ധമുണ്ടായിരുന്നെങ്കിലും അവരുടെ ആദ്യത്തെ ഔദ്യോഗിക മിഷനറിയായി എത്തിയത് തിരുനെൽവേലിയിലെ നാസറത്തിൽ എത്തിച്ചേർന്നതും നാസറത്തിന്റെ പിതാവെന്നറിയപ്പെട്ടിരുന്നതുമായ റവ. ആർതർ മർഗോഷിസ് (Rev. Arthur Margoschis) ആയിരുന്നു. (അതിനു മുമ്പ്, എൻ.എം. എസ്. മിഷനറിയായിരുന്ന മീഡ് സായിപ്പിന്റെ മകളുടെ ഭർത്താവ് റവ. എ.എഫ്. സീമർ (A.F. Caemmer) അവിടെ പ്രവർത്തിച്ചിരുന്നു). തെക്കൻ ഭാരതത്തിൽ തിരുനെൽവേലി, മദ്രാസ്, സെക്കന്തരാബാദ്, ബാംഗ്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ എസ്.പി.ജി.യുടെ പ്രവർത്തനം നിലനിന്നിരുന്നു.

**സി. എം. എസ്. (C.M.S)**

എസ്.പി.ജി., ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഔദ്യോഗിക മിഷനറി സംഘടനയായിരുന്നതിനാലും, അതിന്റെ പ്രവർത്തനശൈലിയും, ആരാധന രീതികളും വേദശാസ്ത്ര ചിന്തകളും കത്തോലിക്കാ സഭയോട് ഏറെ ആഭിമുഖ്യം പുലർത്തിയിരുന്നതിനാലും, ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ സുവിശേഷീകരണ തല്പരും 'ഇവാൻജലിക്കൽ' വിശ്വാസം വെച്ചു പുലർത്തിയിരുന്നവരുമായവർക്ക് (വേദപുസ്തകാടിസ്ഥാന വിശ്വാസം, മാനസാന്തരം, ഭക്തി എന്നിവ) എസ്.പി.ജിയുടെ ചട്ടക്കൂടിൽ മിഷനറി പ്രവർത്തനം നടത്തുക എളുപ്പമായിരുന്നില്ല. അതിനാൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ സുവിശേഷ തല്പരരായ പുരോഹിതർ രൂപം കൊടുത്ത സംഘടനയാണ് 1799 ഏപ്രിൽ 12-ന് ലണ്ടനിൽ ആരംഭിച്ച 'ചർച്ച് മിഷനറി സൊസൈറ്റി' (CMS) ആദ്യകാലങ്ങളിൽ സുവിശേഷ തല്പരരായിരുന്ന മറ്റു സഭാംഗങ്ങളും സി.എം.എസിന്റെ ഭാഗമായെങ്കിലും ആംഗ്ലിക്കൻ സഭാവിശ്വാസ ക്രമത്തിനുള്ളിൽ നിന്നു തന്നെ അവർ പ്രവർത്തിച്ചു. അതിനാൽ അവർ ആരംഭിച്ച സഭകൾ ആംഗ്ലിക്കൻ സഭയുടെ ഭാഗമായി അറിയപ്പെട്ടു. 1804-ൽ സി.എം. എസ്. ഇന്ത്യയിൽ പ്രവർത്തിച്ചു തുടങ്ങി. (ഓരോരുത്തരോടും സുവിശേഷം പ്രസംഗിക്കുക) (Preach the gospel to every creature) എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. തെക്കെ ഇന്ത്യയിൽ തിരുനെൽവേലി, മദ്രാസ് ഡോർണക്കൽ, തിരുവിതാംകൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

**എൽ. എം. എസ്. (LMS)**

ഇംഗ്ലണ്ടിലെയും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലെയും സഭകളിൽ പ്യൂരിറ്റൻ ചിന്താഗതി വളർന്നുവന്നതോടുകൂടി സഭക്ക് ഒരു ആത്മീയ ഉണർവ്വ് (Spiritual revival) ഉണ്ടാകണമെന്ന ചിന്ത വർദ്ധിച്ചുവന്നു. ധാരാളം ഉണർവ്വു പ്രസംഗകർ ഈ കാലഘട്ടത്തിൽ ഉദയം ചെയ്തു. അവർ യൂറോപ്പിലുടനീളവും, അമേരിക്കയിലും മറ്റു രാജ്യങ്ങളിലും സഞ്ചരിച്ച് യേശുവിനെ പ്രസംഗിച്ചു തുടങ്ങി. അതോടുകൂടി മറ്റ് മിഷനറി പ്രസ്ഥാനങ്ങളും രൂപപ്പെട്ടു. അത്തരത്തിൽ ലണ്ടൻ കേന്ദ്രീകരിച്ച് 1795-ൽ ആരംഭിച്ച സ്വതന്ത്ര പ്രസ്ഥാനമാണ് ലണ്ടർ മിഷനറി സൊസൈറ്റി അഥവാ എൽ.എം.എസ്. അന്ന് നിലവിലുണ്ടായിരുന്ന മിക്കവാറും എല്ലാ സഭാവിഭാഗങ്ങളിലെയും വിശ്വാസികൾ എൽ.എം.എസിൽ

അംഗങ്ങളായുണ്ടായിരുന്നു. കോൺഗ്രിഗേഷണൽ ചിന്താഗതിക്കാരായിരുന്നു അധികമെങ്കിലും ഒരു സഭാവിഭാഗത്തെയും വളർത്താതെ സ്വതന്ത്രമായി യേശുവിനെ പ്രസംഗിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അവരുടെ ചാർട്ടറിൽ അത് അസന്നിഗ്ദ്ധമായി പ്രസ്ഥാവിച്ചിട്ടുണ്ട്. "എൽ.എം.എസിന് രൂപം നൽകിയിരിക്കുന്നത് പ്രെസ്ബിറ്റീരിയനിസമോ കോൺഗ്രിഗേഷണലിസമോ, ആംഗ്ലിക്കനിസമോ, മറ്റേതെങ്കിലും സഭാഭരണക്രമമോ പ്രചരിപ്പിക്കുന്നതിനല്ല മറിച്ച് ദൈവത്തിന്റെ മഹത്വകരമായ സുവിശേഷം ജാതികളുടെയിടയിൽ പ്രസംഗിക്കുന്നതിനാണ്. ഇന്ത്യയുൾപ്പെടെ നിരവധി ഏഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാരുടെയിടയിലും ഏതാണ്ട് ഒന്നര നൂറ്റാണ്ട് വളരെ ശക്തമായ സുവിശേഷ പ്രവർത്തനം എൽ. എം. എസ്. നടത്തി.

തുടരും...



## പ്രതിവാര ധ്യാനം

**ജൂൺ 4, 2023**

*വിഷയം:* **അറിവും പരിജ്ഞാനവും: ദൈവത്തിന്റെ ദാനം**

സദൃ.2:1-12, സങ്കീ. 119:9-16, യാക്കോ. 3:13-18, ലൂക്കൊ. 2:41-52

**ജൂൺ 11, 2023**

**പരിസ്ഥിതി ഞായർ**

*വിഷയം:* **സൃഷ്ടി വിമോചനത്തിനായി ഞരങ്ങുന്നു**

യെഹെ. 36:24-36, സങ്കീ. 29, റോമർ 8:18-25, യോഹ. 16:6-16

**ജൂൺ 18, 2023**

*വിഷയം :* **ആരാധന: ജനങ്ങളുടെ വിശ്വാസത്തിന്റെ ആഘോഷം**

യെശ. 6:1-8, സങ്കീ. 148, വെളി. 4:1-11, യോഹ. 4:16-26

**ജൂൺ 25, 2023**

*വിഷയം :* **സാക്ഷ്യം എന്ന ശിഷ്യത്വം**

2 രാജാ. 2:1-15, സങ്കീ.119:33-48, തീത്തൊസ് 2:1-15, യോഹ. 3:22-30



# REPORT OF ACTIVITIES

Dear friends in Christ,

Greetings in the name of our Great Lord and Saviour Jesus Christ.

In general, the month of May was of Hope with the successes in the Legal Front and of happiness with two marriages in our congregation; more significantly the first one in Johnson Hall.

Let us be thankful to God for all His blessings and protection, mainly the Healing received by some of our members.

We had four Sunday Worship Services and on 14-5-2023, the second Sunday we celebrated our 185th Congregational Day.

The Service was lead by Rev. Dr. L.E. Sahanam. Asst. Prof. Beenamol S.G. (Department of Sociology, University of Kerala and Founder Director, Life Foundation, Kerala) was the Chief Guest. She gave a powerful message which enhanced the confidence and hope of the congregation in Jesus Christ. All the Pastors who help us in the worship services and other occasions were invited and they were in our midst with their families. As usual, a sumptuous Kerala Sadya was arranged which made the fellowship really enjoyable.

Also, the enthusiasm shown by our younger ones, both boys & girls in serving the dishes is worth mentioning. Other Sunday Services were lead by Rev. S. Nelson and sermons were delivered by Rev.Reynold Isaiah, Rev. Dr.R. Gnanadas and Rev. Dr. L.E.Sahanam

Also, we had a Tamil Service on 14-5-2023 from 7.15 to 8.15 with Holy Communion lead by Rev.Thapasidas. On subsequent Sundays, the Tamil Services were held, Rev. Oliver Stanley leading on 21-5-2023 and again Rev. Thapasidas on 28-5-2023.

Though there were no regular classes in the Sunday School, motivation and moral building lectures were given by different leaders. Meetings of other Sub-organisations were held as usual.

Fasting Prayer was held on $13^{th}$, second Saturday. Bro. Benjamin Moses gave the message with many members leading the intercessory prayer. Prof. Rajaprasad presided over the meeting.

Circle Prayers were held during the month on Fridays- 5th , 19th and 26th at the residences of Mr. Krishnankutty, Mrs. Lanslet S. Rajan and Jeevaratnem E. respectively. Vestry prayer was held on all Mondays, 5 to 6 pm with good participation by members and lead by Rev. Dr. L. E. Sahanam and Prof. Rajaprasad.

On - line prayer from 8 to 10 pm every day except Sundays is going on with increased attendance. The prayers are heard and answered by His touches on the sick and intervention with the heavy-laden. Let us be grateful to Him.

The prayer on Sundays from 12 to 1 pm is also held regularly, but some more participation is needed.

The Managing Committee of M M C C F met on 6-5-2023 at 7 pm in the Johnson Hall, discussed and took decisions regarding the Congregational Day programme. Also had routine discussions and passed the accounts of the congregation for the month of April 2023.

The prayer meeting in connection with the home call of Mrs.Linta Vincent, (wife of Mr. Satheesh Kumar MS), led by Rev. Dr. Crispin Baju at 5pm on 31/05/2023 was attended by members of our congregation in large numbers.

I take this opportunity to thank one and all who are rendering their support to make all activities successful and acceptable to our God Almighty.

With Love and regards,

**Er. D. Premdas Justus**

# വിവേകവും വകതിരിവും



ഡോ. ക്രിസ്റ്റെൻസൺ ഈ. സാരസം

യഹോവാഭക്തി ഗ്രഹിക്കയും ദൈവപരിജ്ഞാനം കണ്ടെത്തുകയും ചെയ്യുന്നവൻ വിവേകിയായിത്തീരുന്നു. വളഞ്ഞ വഴിക്കു പോകാതെയും ചൊവ്വല്ലാത്ത പാതയിൽ നടക്കാതെയും ദുഷ്ടന്മാരുടെ ആലോചനയ്ക്ക് വഴങ്ങാതെയും നേർപാത പിന്തുടരുവാൻ അവൻ സമയത്തിലും അസമയത്തിലും പ്രചോദിതനാകുന്നു. അവന്റെ വായിൽ നിന്ന് പരിജ്ഞാനവും വിവേകവും പുറപ്പെട്ടു വരുന്നു. **'വകതിരിവ് നിന്നെ കാക്കും. വിവേകം നിന്നെ സൂക്ഷിക്കും' (സദൃ. 2:11).**

'ജ്ഞാനം സമ്പാദിക്ക; വിവേകം നേടുക; മറക്കരുത്... നിന്റെ സകല സമ്പാദ്യത്താലും വിവേകം നേടുക' എന്ന ദൈവവചന പ്രമാണങ്ങൾ ധിക്കരിച്ച് അവയെ ലാഘവത്തോടെയും നിസ്സാരമായും കാറ്റിൽ പറത്താൻ മനസ്സ് വയ്ക്കുന്നവൻ തന്റെ പാപ പാശങ്ങളാൽ തന്നെ പിടിക്കപ്പെടുന്നു. മഹാഭോഷത്വത്താൽ, സ്വമനസ്സാലെ അവൻ വഴി തെറ്റിപ്പോകും. അവിവേകം ആപത്തും അനർഥവും വിവാദവും അപവാദവും വിളിച്ചു വരുത്തുന്നു.

ദൈവകരങ്ങളാൽ ചൊരിയപ്പെട്ട ദിവ്യാനുഗ്രഹത്തിൻ പ്രതീകമായ വിവേകം കൈവരിച്ച് വാക്കിലും പ്രവൃത്തിയിലും വകതിരിവ് പ്രകടമായി പ്രദർശിപ്പിക്കുന്നവരുണ്ട്. മറിച്ച്, അന്ധകാരം പോലുള്ള അവിവേകത്തിൽ അടിത്തട്ടോളം അധപ്പതിച്ച് അപമാനം മാത്രം അവകാശമായി കൈവശപ്പെടുത്തിയിരിക്കുന്നവരുമുണ്ട്. എന്നാൽ ജ്ഞാനവും വകതിരിവും കാത്തുകൊൾവാൻ വിളിക്കപ്പെട്ടതിനാൽ വിദ്യാഭിവൃത്തി പ്രാപിക്കാനും സദുപദേശം സമ്പാദിക്കാനും സദൃശവാക്യങ്ങളും ഗിരിപ്രഭാഷണത്തിലെ ഭാഗ്യവചനങ്ങളും ജ്ഞാനികളുടെ മൊഴികളും കടങ്കഥകളും മനസ്സിലാക്കാനും അവസരം ലഭിച്ചിട്ടും, പരിജ്ഞാനത്തെ വെറുത്ത് യഹോവാഭക്തിയെ തിരഞ്ഞെടുക്കാതെ, ദൈവാലോചന ചെവിക്കൊള്ളാതെ ദിവ്യശാസന നിരസിച്ച് സ്വന്തവഴിയിലേക്ക് തിരിയുന്നവരോട്: **'സ്വന്ത വിവേകത്തിൽ ഊന്നരുതു'** എന്ന് (സദൃ. 3:5)-ൽ ദൈവവചനം താക്കീതു നൽകുന്നു.

യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവും ആകുന്നു (സദൃ. 9:10). 'വിവേകിയുടെ അധരങ്ങളിൽ ജ്ഞാനം ഉണ്ട്' (10:13). 'വിവേകിയോ ചൊവ്വായി നടക്കുന്നു' (15:21). 'വിവേകമുള്ളവൻ അനർഥം കണ്ട് ഒളിച്ചുകൊള്ളുന്നു' (22:3).

"മൂഢന്മാരേ, വിവേകഹൃദയരാകുവിൻ" (8:5). "ബുദ്ധിഹീനരേ, വിവേകത്തിന്റെ മാർഗത്തിൽ നടന്നുകൊൾവിൻ" (9:6). സ്വന്ത നിരൂപണത്തിലും മാനുഷ മാനദണ്ഡത്തിലും ജ്ഞാനിയായും കേമനായും പ്രസ്തനായും മുദ്രകുത്തപ്പെട്ടു കഴിയുമ്പോൾ, അവിവേകത്തിലേക്ക് ഗതിമാറി വകതിരിവിന്റെ മാർഗം വിട്ട്, അനീതിയുടെയും, അസാന്മാർഗീതയുടെയും,അക്രമത്തിന്റെയും, അധർമത്തിന്റെയും അന്യായത്തിന്റെയും പാത സ്വയം തിരഞ്ഞെടുക്കുന്നവന്റെ അന്ത്യം ശോചനീയമാണ്.

പൊതുരംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും, പൊതുസമ്മതരായ സാമൂഹ്യ പ്രവർത്തകരും, പ്രത്യേകിച്ച് മതപരവും ആത്മീകവുമായ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും: വിവേകവും വകതിരിവും എന്തെന്ന് വ്യക്തമായി ബോധ്യപ്പെട്ടിരിക്കണം. രാജ്യനിയമം അനുസരിച്ചും സഭയുടെ ഭരണഘടന പ്രമാണിച്ചും ജനായത്ത സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ട് സിംഹാസനസ്ഥനായി കിരീടം ചൂടി അംശവടിയും കൈയ്യിലേന്തി ഭയഭക്തിയോടെ ആരംഭിച്ച സഭാ അധ്യക്ഷന്മാരും മേലധ്യക്ഷന്മാരും ദൈനംദിന ക്രയവിക്രയങ്ങളിൽ, ഔദ്യാഗിക ദൗത്യ നിർവ്വഹണത്തിൽ, ഭരണ സാരഥ്യത്തിലെ അധികാരത്തിന്റെ പാതയിൽ, നീതിബോധത്തോടും ദൈവവിശ്വാസത്തോടും ചുമതലകൾ നിവർത്തിക്കാൻ തുടങ്ങിയിട്ട്, **കാലം കഴിയുന്തോറും വിവേകവും വകതിരിവും കൈവിട്ട്, ആർഭാടവും, ഡംഭും, ഹുങ്കും, അവഹേളനവും, അഹങ്കാരവും കൈമുതലാക്കി പ്രവർത്തിക്കുന്നതിനാൽ വൻ വിപത്തിന് സ്വയം വഴിയൊരുക്കുകയാണെന്ന് മനഃപ്പൂർവ്വമായും നിർബന്ധമായും ഇക്കൂട്ടർ ഓർത്തിരിക്കേണ്ടത് അനിവാര്യമാണ്.** 'വിവേകം വിവേകിക്ക് ജീവന്റെ ഉറവാകുന്നു' (16:22). 'അവിവേകിക്ക് തന്റെ അവിവേകം ഉയർന്നമതിൽ ആയിത്തോന്നുന്നു. വകതിരിവില്ലാതെ നിഗളിക്കുന്നു. അത് ഭോഷത്വവും ലജ്ജയും ആയിത്തീരുന്നു'.

"നാശത്തിനു മുമ്പേ ഗർവ്വം, വീഴ്ചയ്ക്ക് മുമ്പേ ഉന്നതഭാവം" (സദൃശ. 16:18) "നിനക്കുതന്നെ നീ ജ്ഞാനിയായി തോന്നരുത്, യഹോവയെ ഭയപ്പെട്ട് – ദോഷം വിട്ടു മാറുക" (സദൃശ. 3:7) ●

# എന്റെ വി.ബി.എസ്. അനുഭവങ്ങൾ



**ജോഷ്വ ആൽവിൻ എച്ച്.**

ദൈവനാമത്തിനു മഹത്വമുണ്ടാകട്ടെ. ഞാൻ ബാല്യം മുതൽ എല്ലാ വർഷവും എം. എം. ചർച്ചിലെ വി. ബി. എസിൽ പങ്കെടുക്കുമായിരുന്നു. ഓരോ വി. ബി. എസി.ലും പങ്കെടുത്തു കഴിയുമ്പോൾ, ദൈവീകമായ കാര്യങ്ങൾ കൂടുതൽ പഠിക്കുവാൻ ദൈവം എനിക്കു അവസരം നൽകി. അതിനായി ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. നമ്മുടെ പല സാഹചര്യങ്ങളിലും, തെറ്റായിട്ടുള്ള കാര്യങ്ങൾ ചുറ്റും നടക്കുമ്പോൾ, അതിൽനിന്നു മാറി നിൽക്കാനുള്ള കരുത്ത് ദൈവം എനിക്ക് വി.ബി.എസി.ലൂടെ തന്നു. നാം തെറ്റു ചെയ്യുമ്പോൾ **ദൈവം നമ്മെ കാണുന്നു, ദൈവം നമ്മുടെ എല്ലാ കാര്യങ്ങളും അറിയുന്നു', എന്നൊരു ബോധം എനിക്ക് വി.ബി.എസ്. നൽകി.** ഏലിയാമ്മ ടീച്ചർ വി.ബി.എസിൽ യോസെഫിന്റെ പടം കാണിച്ചു കഥ പഠിപ്പിക്കുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അപ്പോൾ പഠിപ്പിച്ച ഒരു പോയിന്റ് യോസെഫിന്റെ Mindset - "ദൈവം എന്നെ കാണുന്നു'' എന്നതാണ്. ''ഞാൻ എന്ത് ചെയ്താലും ദൈവം അറിയുന്നു". ആ ഒരു ബോധം വർഷങ്ങളായിട്ടു എന്റെ മനസ്സിൽ ദൈവം എനിക്കു നൽകി. വി.ബി.എസിൽ പഠിച്ച വചനങ്ങളും അർഥവത്തായിട്ടുള്ള പാട്ടുകളും വരികളുമെല്ലാം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. പല സാഹചര്യങ്ങളിലും അത് എന്നെ ബലപ്പെടുത്തിയിട്ടുണ്ട്. ഈ അനുഭവം പറഞ്ഞറിയിക്കാൻ പറ്റാത്ത ഒന്നാണ്.

മുൻ വർഷങ്ങളിലെ വി.ബി.എസിനേക്കാളും ഈ വർഷത്തെ വി.ബി.എസ് കൂടുതൽ പ്രയോജനപ്രദമായിരുന്നു. കാരണം ചൈൽഡ് ഇവാൻജെലിസം ഫെലോഷിപ്പിലെ ഫിലിപ്പ്സാറും, യൂത്ത് ഫോർ ക്രൈയ്സ്റ്റിലെ മനു അങ്കിളും ചേർന്നുള്ള ടീം മികച്ചതായിരുന്നു. അത് മുഖാന്തരം കുട്ടികൾക്കും കൗമാരക്കാർക്കും ഉപയോഗപ്പെടുന്ന രീതിയിലുള്ള ഡിവോഷൻസ് ആയിരുന്നു നടന്നത്. എല്ലാ വർഷങ്ങളേക്കാളും വ്യത്യസ്തമായ അർഥവത്തായ പാട്ടുകൾ ഇപ്രാവശ്യത്തെ വി.ബി.എസിൽ ഉണ്ടായിരുന്നു. അതിനു ഫിലിപ്പ് സാറിനും മനു അങ്കിളിനും വി.ബി.എസ്. കമ്മിറ്റി അംഗങ്ങൾക്കും ഞാൻ നന്ദി പറയുന്നു.

2023 വി.ബി.എസിന്റെ തീം "**The Great Joy**" എന്നായിരുന്നു. നമുക്ക് ഈ ലോകത്തിൽ ലൗകീകമായിട്ടുള്ള രീതിയിൽ "Happiness" കിട്ടും. പക്ഷെ ആ "Happiness" താൽക്കാലികം ആണ്. അത് ഒരു Limited Period of Time-ലേ അനുഭവിക്കാൻ സാധിക്കൂ. എന്നാൽ, യേശു നൽകുന്ന "Joy", അത് ഒരിക്കലും അവസാനിക്കാത്ത ഒന്നാണ്. അത് നമ്മിൽ നിന്നും കവിഞ്ഞൊഴുകി മറ്റുള്ളവരിലേക്ക് പകരുന്ന "Joy". അത് എനിക്ക് ഈ വി.ബി.എസി.ലൂടെ മനസിലാക്കുവാനും അനുഭവിച്ച് അറിയുവാനും സാധിച്ചു. ഈ ലോകത്തിൽ എത്രയോ വലിയ വ്യവസായികൾ എത്രയോ ഉയർന്ന പദവിയുള്ള ആളുകൾ, ഒരു നിമിഷം കൊണ്ട് അവരുടെ ജീവിതം അവസാനിപ്പിച്ചിരിക്കുന്നു. അവർക്ക് സമ്പത്ത് ഇല്ലാത്തതുകൊണ്ടാണോ? അല്ല. അവർക്ക് സമാധാനവും, "Joy"യും ഇല്ലാത്തതുകൊണ്ടാണ്. ആ "Great Joy" ആണ് ദൈവം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്. ഈ "Joy" നമ്മുടെ ജീവിതത്തിൽ നാം നേടിയാൽ, ഏത് സാഹചര്യത്തിലും നമുക്ക് ദൈവത്തെ മുറുകെപ്പിടിച്ച് ജീവിതത്തെ നയിക്കുവാൻ സാധിക്കും. **വി.ബി.എസിലെ ഓരോ ഡിവോഷൻസിൽ കൂടെയും എനിക്ക് വ്യക്തിപരമായുണ്ടായിരുന്ന കുറെ സംശയങ്ങൾ മാറുവാൻ സാധിച്ചു. "രക്ഷ" എന്നത് എന്താണ്? നാം രക്ഷനേടാൻ എന്ത് ചെയ്യണം? ഈ സംശയങ്ങൾക്ക് വി.ബി.എസി.ലെ ഡിവോഷൻസിലൂടെ എനിക്ക് ഉത്തരം ലഭിച്ചു.** ഇതിൽനിന്നും ഈ വി.ബി.എസിൽ ഞാൻ ഒരു പ്രധാനപ്പെട്ട കാര്യം മനസിലാക്കി. നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ നമുക്ക് നമ്മോട് തന്നെ ചോദിക്കുവാൻ കഴിയുന്ന ഒരു ചോദ്യം ഒണ്ട് "Am I Saved?" ഞാൻ ഇത്രയും നാൾ പള്ളിയിൽ പോയിട്ടും ദൈവത്തെ ഞാൻ അറിഞ്ഞില്ല എങ്കിൽ ഒരു പ്രയോജനവുമില്ല. ദൈവം നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ, 'As a Christian' നമുക്ക് ഈ ലോകത്തിൽ ദൈവത്തിനുവേണ്ടി ജീവിക്കുവാനായി സാധിക്കും.

2023 വി.ബി.എസ്. എനിക്ക് വളരെ അനുഗ്രഹിക്കപ്പെട്ട ഒരു അനുഭവമായിരുന്നു. **എന്റെ Juniors നോട് ഒരു വാക്ക്: 'യാതൊരു കാരണവശാലും നിങ്ങൾ ആരും വി.ബി.എസ്. മുടക്കരുത്. ഓരോ വി.ബി.എസിൽ നിന്നും നമുക്ക് ദൈവത്തെക്കുറിച്ച് കൂടുതൽ അറിയാനും അതിലൂടെ ദൈവത്തിന്റെ വഴിയിൽ നടക്കുവാനും കഴിയും.** വിദ്യാർത്ഥി എന്ന നിലയിൽ എന്റെ ഈ അവസാനത്തെ വി.ബി. എസിനെ അവിസ്മരണീയമാക്കിത്തന്നതിന് ചൈൽഡ് ഇവാൻജെലിസം ഫെലോഷിപ്പിലെ ഫിലിപ്പ് സാറിനും യൂത്ത് ഫോർ

ക്രൈസ്റ്റിലെ മനു അങ്കിളിനും എന്റെ വി.ബി.എസ്. ക്ലാസ് ടീച്ചർ സോഫിയ ടീച്ചർക്കും തോമസ് ക്രിസ് സാരസം അങ്കിളിനും വി.ബി.എസ് കമ്മിറ്റി അംഗങ്ങൾക്കും നന്ദി പറഞ്ഞു കൊണ്ട് എന്റെ വാക്കുകളെ ചുരുക്കുന്നു. (Joshua Alwin H. of our Sunday School is a 12th Std CBSE Student at Christ Nagar School).

●

---

**കവിത**

## *നാം ഐക്യമായ് മുന്നേറാം*

**എസ്. ആർ. ചന്ദ്രിക ജയദാസ്**



*സ്നേഹത്താൽ ഒന്നായ് കൂടീടാം, നാം ഏവരുമായ്*
*കർത്താവെ വാഴ്ത്തി പാടീടാം.*
*നീറും മനസ്സുകളിൽ, ആശ്വാസം നൽകിടണേ*
*കർത്താവേ വന്നിടണേ, ഉള്ളിൽ വസിച്ചീടണേ. (സ്നേഹത്താൽ)*

*ആരോരും ഇല്ലാ ഞങ്ങൾക്ക്, ഈ ഭൂമിയിലി-*
*ന്നാരുള്ളൂ ഞങ്ങൾക്കപ്പനേ?*
*കാരുണ്യമേറും നിന്റെ വാക്കുകൾ മാത്രം മതി,*
*ഞങ്ങൾക്കാശ്രയമായിട്ടിന്നീയുലകമതിൽ. (സ്നേഹത്താൽ)*

*വേണ്ടാ ഈ ലോകത്തിൽ ഇമ്പം, കർത്താവെ ഞങ്ങൾ-*
*ക്കീ ലോകം ശാശ്വതമല്ല.*
*ദൈവത്തിൽ ഇഷ്ടം ചെയ്ത്, തൻമക്കളായിതന്നെ*
*ഇന്നീ ലോകെ ജീവിച്ച്, കർത്താവെ പിൻതുടരാം- (സ്നേഹത്താൽ)*

*വാഗ്ദത്തം നിന്റെതല്ലയോ, നീ തന്നിട്ടുള്ള-*
*വാഗ്ദത്തമല്ലോശരണം.*
*'നിന്നെ സഹായിച്ചീടും നിന്നെ ശക്തീകരിക്കും,*
*നീതിയിൻ കരത്താലെ, നിന്നെ താങ്ങി നടത്തും' (സ്നേഹത്താൽ)*

*വിശ്വാസം ഞങ്ങൾക്കേകുക, നിൻ കൂടെയെന്നും-*
*ഞങ്ങൾ വസിക്കട്ടെ നാഥാ!*
*മക്കളും പ്രിയമക്കളുമായി തന്നെയിന്ന്*
*നിന്നോടൊപ്പം ജീവിപ്പാൻ, നീ തുണ ചെയ്ക നാഥാ. (സ്നേഹത്താൽ)*

# PRAYER AND HOLY SPIRIT IN OUR SPIRITUAL JOURNEY



**Daniel Wellington**

God always saved people by faith in Christ and no other way, both in the Old Testament or in the New. This is understood by the Psalmist when he cried under inspiration of the Holy Spirit.

The Bible is the revelation of the heart of God. It is the revelation of all that is good, right, true and pure. And prayer that is not based on the Bible is not not likely to be pleasing to God. To pray in the will of God, one needs the leadership of the Holy Spirit. Every Christian can have the Holy Spirit to help him pray! And prayer that is inspired and guided and aided by the Holy Spirit can be assured of an answer. When one prays according to the will of God, then that prayer will be answered.

**The Bible teaches that God delights to answer prayer**. It gives us many great and exceedingly precious promises about what God will do for those who come to Him in prayer. The answers to prayer were really the supernatural intervention of a loving God who works miracles for His children when they trust Him.

Any Christian can get instant forgiveness for any sin he is willing to confess with his whole heart; and he can get cleaned too. He has the word of God for it! It would be a sin for a Christian to doubt that God is ready instantly to forgive and cleanse him who honestly confesses that sin. Someone has well said that any prayer that begins in Heaven will certainly not be rejected there.

The Holy Spirit is called “the Comforter” by our Saviour (John 14:16; 15:26; 16:7. This “Comforter” is the translation of the Greek word Parakletos, meaning “one called alongside.” So the blessed Holy

Spirit is alongside every Christian. The Holy Spirit dwelt with the apostles before the resurrection. But in the future after Christ was glorified, the Holy Spirit is promised to be within us. So when Jesus rose from the dead, He breathed on the disciples and said, ‘’Receive ye the Holy Ghost’’ (John 20:22). Now since that time, every saved person has the Holy Spirit abiding in his body. Romans 8:9 says ‘’But ye are not in the flesh, but in the Spirit, if so he that the Spirit of Christ, he is none of his.’’

The Spirit of God dwells in us who are saved; and if anybody does not have this Spirit of Christ, this Holy Spirit dwelling in him, he is not saved.

**The body of every Christian is a temple of the Holy Spirit of God who dwells within.** Oh how eager this blessed Holy Spirit is to comfort us, to guide us into all truth, and to teach us!

Prayer is universal. It is in the very nature of God to answer prayer, even for unworthy creatures. God was delighted with the prayers of Enoch, who walked and talked with Him and took him on to Heaven bodily, translating him that he should not die. He heard the prayer of Abraham, the “friend of God,’’ and delivered Lot from Sodom and gave Abraham the child in his old age. Later it was His delight to answer the prayers of Elijah - raising the dead, sending fire from Heaven, giving drought and rain, and then taking him to Heaven.

There is a God and He answers prayer. That sums up all the Creeds absolutely necessary to please God and come to Him.

Does God answer prayers about health? Yes. God is control of every corpuscle in the blood, every nerve, every process of metabolism in the human body!

God broke into human history to offer us the gift of Eternal Life. The Lord’s Supper is Christ’s memorial that He left for us. God needs you! God is looking for ordinary people for extraordinary work. ●

Kids Corner



# *Marvellous Changes*

**Ann Sarah Sunil**

After 2 months of long vacation finishing annual exams, schools are reopening. During vacation, extensive trips were taken to different places; going for back to shool shopping and performing many different activities. For some children, they couldn't even go for a single trip. You know why? Because their parents didn't have enough time to spend with their kids. They may not have received leave granted and sometimes they worked hard at night shifts also. So, their kids are left to use all electronic gadgets all the time, which can affect their health a lot. And when these kids go back to school, some will be having communication problems, anxiety, disrespecting teachers, thinking about other thing during class hours, which can get them into lot of trouble the next 10 months. They will not be having any insterest in studies or in making friends. I know all this because when I rejoined my school last year after vacation, many students were in this condition.

But, with God's grace and prayers, their entire life was changed. Like wise, God will change our life. We never know what lies for us in future. **So, let us trust in God; pray to God and seek His presence always.** God will change our situation for our good. Amen.

********

# *Garden of God*

Dear little friends,

The mid-summer holidays have come to an end. You are on the threshold of a new academic year. I know, you are promoted to the next class. Now, you are gifted with a new class room, new teachers, new books, and new friends. You are crowded with fresh excitements.

You have fallen into a different routine. You have become busy with your studies. Isn't it? I am praying for all of you that God may bless you in your future educational pursuits.

Back home, most of you may be having a garden at home. Yes, that's true. Different varieties of plants. For some of you, it is a vegetable garden in the backyard. Certain others have a flower garden in the frontyard. Crotons and orchids may be fancy for another group. Have you come across weeds in your garden? Whether planted on the ground or potted, you would have spotted weeds side by side your plants. They also grow fast simultaneously. Weeds eat up all manure that we put around plants. Thereby, our plants become weak and pale without proper nourishment. Therefore, the weeds should be removed timely. If the weeds are cut above the ground, they will sprout again. Weeds should be removed along with their roots. The growth of our plants will be badly affected if they are not removed carefully and fully.

**Likewise, our life also is like a garden. It is God's garden.** God desires that the garden of our life should be beautiful. Think for a moment. Is your garden maintained beautifully? Are you guarding against weeds (sins) that choke you? Really, there could be many weeds in our life which block God's plan for our lives. They arrest the free flow of God's blessings into our lives. For example: bad thoughts, bad words, bad behaviour and bad habits are the weeds (sins) in our life. They promote envy, jealousy, malice, pride and anger in our life. These weeds destroy our love, joy, peace and happiness in our family. Our character becomes bad due to influence of bad friends, bad books or through wrong use of mobile networks. All such should be plucked off and removed. You cannot do this all by yourself. You need God's help. Our Lord Jesus Christ is always at your side to help you. Seek God's help today to get rid of all weeds (sins) that dwell in your heat. God will perform that miracle. Jesus will forgive your sins and of cleanse your heart. Jesus will become your Lord and Master. I pray that our good God will be pleased with you as the weeds are cleared from your garden of life.

***Uncle Kids'***

# ദൈവരക്ഷ കാണാൻ ഉണർന്നിരിപ്പിൻ



**സേം ഏനോക്ക്**

സകല ജനങ്ങളും കാൺകെ യഹോവ തന്റെ വിശുദ്ധ ഭുജത്തെ നഗ്നമാക്കിയിരിക്കുന്നു. ഭൂമിയുടെ അറ്റങ്ങളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷയെ കാണും.

ദൈവം യിസ്രായേൽ ജനത്തെ തനിക്കായി തിരഞ്ഞെടുത്ത് അതിശക്തമായി വിടുവിച്ച് വാഗ്ദത്തനാട്ടിലേക്കുള്ള മാർഗ്ഗമദ്ധ്യേ ദൈവ അരുളപ്പാടാണ്: “ഭൂമിയുടെ അറ്റങ്ങളൊക്കെയും ദൈവത്തിന്റെ രക്ഷയെ കാണും.”

അതെ ദൈവജനമേ, കർത്താവായ യേശുക്രിസ്തു നമുക്കായി നമ്മുടെ ആശിർവാദത്തിനായി സമാധാനത്തിനായി നീതി പ്രവർത്തന പൂർത്തീകരണത്തിനായി ഇന്നും നമ്മോട് വസിക്കുന്നു.

കടന്നുവന്ന വർഷം മാസങ്ങൾ ആഴ്ചകൾ മണിക്കൂറുകൾ നിമിഷങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ, നാളിതുവരെ അറിവോ അനുഭവമോ ഇല്ലാത്ത സഞ്ചാര പാതകളിൽ ശക്തനും ദയാലുവുമായ കർത്താവിന്റെ കരുതലിന്റെ ശക്തി അനുഭവിക്കാൻ കഴിയുന്നുവല്ലോ?

ബി.സി. 3468 കാലഘട്ടത്തിൽ യിസ്രായേൽ ജനം കാണാത്ത, കേൾക്കാത്ത അനുഭവമില്ലാത്ത പ്രശ്നമുഖിരിത പാതയിൽ കൂടെയുള്ള യാത്ര. സംഹാരമൂർത്തിയായ ഫറവോന്റെ ആയുധധാരികളായ സൈന്യത്തെ കായികമായി നേരിടാനുള്ള പേശി ശക്തി ഇല്ലാത്ത യിസ്രായേൽ ജനത്തിന് ഏക രക്ഷാമാർഗ്ഗം മുമ്പോട്ടുള്ള ഗമനമായിരുന്നു. അതിന് തടസ്സമായി ചെങ്കടൽ മുന്നിൽ!

ദൈവഭയവും മനുഷ്യനിൽ ശങ്ക ഉള്ളവനും പ്രവർത്തിയിൽ ദൃഢതയുള്ളവനും വാക്കിൽ വിശ്വസ്തനുമായ മോശക്ക് നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കാൻ ദൈവശക്തിയും കൂടെ ലഭ്യമായപ്പോൾ സംഗതി വേഗത്തിൽ ഫലവത്തായി.

ചെങ്കടൽ കടന്നതോടൊപ്പം ഇനി ഒരിക്കലും ഫറവോന്റെ സംഹാരത്തിന് ആരും ഇരയാകാതിരിക്കാനുള്ള ക്രിയയും കൂടെ നടന്നതും ശ്രദ്ധേയമല്ലെ? ഈ നാളുകളിൽ ഇതും നമുക്ക് അനുകരണീയമല്ലെ? സ്വയ രക്ഷയോടൊപ്പം സഹജീവികളുടെ രക്ഷക്കായും കർമ്മനിരതരാകാം. ചില സന്ദർഭങ്ങളിൽ ഉറ്റാർ ഉറവിനർ സഹവാസികൾ സഹോദരങ്ങൾ തന്നെ നമ്മുടെ വളർച്ചയെ ഐക്യത്തെ കൂട്ടായ്മയോടുകൂടിയ സൽകർമ്മങ്ങളെ തടസ്സപ്പെടുത്താൻ ശ്രമിച്ചെന്ന് വരാം.

ദാവീദിന്റെ ചരിത്രം നമ്മെ ബോധിപ്പിക്കുന്ന ഒരു ദൂത് ഉണ്ട്. വെറും ആട്ടിടയൻ, സഹോദരങ്ങളോ യുദ്ധവീരന്മാർ, അവരുടെ പടക്കളത്തിൽ ചെന്ന് വിവരം തിരക്കിവരാനാണ് പിതാവിനാൽ നിയോഗിക്കപ്പെട്ട ദാവീദ് അവിടെ വന്നുചേർന്നത്. ദാവീദ് അവിടെ കണ്ട കാഴ്ച യിസ്രായേൽ ജനത്തെ ഭയചിത്തരാക്കി തച്ചുടക്കുവാൻ, ജീവനുള്ള ദൈവത്തെ തന്നെ നിന്ദിച്ചുകൊണ്ട് ആയുധധാരിയായി ഗോലിയാഥ് നിൽക്കുന്നു. യിസ്രായേൽ രാജ്യാധിപൻ തന്റെ അധികാര ചെങ്കോൽ താഴ്ത്തപ്പെടേണ്ട അവസ്ഥ. പടയാളികളും ജനമാകെ നമശിരസ്കരായി നിൽക്കുന്നു.

ദാവീദിന്റെ നീതിബോധത്തിന് മുന്നിൽ ആയുധധാരിയായ ഗോലിയാഥ് ഒരു പ്രശ്നമല്ലാതായി. ഫലം യിസ്രായേൽ ജനത്തിനും രാജ്യത്തിനും ഭീഷണിയായി നിലകൊണ്ടവൻ ഇല്ലാതായി.

"തങ്ങളുടെ ചുറ്റുമുള്ള ജാതികൾ നിശ്ചയമായി തങ്ങളുടെ ലജ്ജ വഹിക്കും എന്നു ഞാൻ കൈ ഉയർത്തി സത്യം ചെയ്യും''. (യെഹെസ്കേൽ 36:7).

ദൈവ വാഗ്ദത്ത നിവർത്തിക്കായ് കാത്തിരുന്ന് പ്രവർത്തന പന്ഥാവിലായിരിക്കാം. ●

**നമ്മുടെ കുട്ടികൾ ശ്രദ്ധിക്കേണ്ട ചില പ്രായോഗിക നിർദ്ദേശങ്ങൾ**

1. തെറ്റായ വഴികളിലേക്കു പോകുവാനുള്ള പരീക്ഷകളേയും പ്രേരണകളേയും അതിജീവിക്കുവാനുള്ള ധൈര്യം വീണ്ടെടുക്കുക.
2. നല്ല കൂട്ടുകെട്ടുകൾ ഉണ്ടാക്കുക. ചീത്തക്കൂട്ടുകെട്ടുകളിൽ പെടാതെ സൂക്ഷിക്കുക.
3. നമ്മെ വഴിതെറ്റിക്കാവുന്ന ആളുകളിൽനിന്നും അപകടം പിണയാതെ സൂക്ഷിക്കുക.
4. സംശയമുള്ള കാര്യങ്ങളെക്കുറിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവരുമായി ചർച്ച ചെയ്യുന്നതിന് മടിക്കരുത്.
5. പുകവലി നിരോധിച്ചിരിക്കുന്ന സ്ഥലം നമ്മുടെ അവകാശം ആണ്. അത് ധൈര്യത്തോടെ പറയുവാൻ മടിക്കരുത്.
6. ദുഷ്പരിചയങ്ങൾക്ക് അടിമകളായവർ അതിനുള്ള ചികിത്സയ്ക്ക് പോകുവാൻ മടിക്കരുത്.
7. അപരിചിതരായവർക്ക് നിങ്ങളുടെ വിശദവിവരങ്ങൾ നല്കാതിരിക്കുക.
8. അപരിചിത വഴിയോരക്കച്ചവടക്കാരിൽ (Vendors) നിന്ന് ഒന്നും വാങ്ങാതിരിക്കുക.
9. ഇന്റർനെറ്റ്, മൊബൈൽ എന്നിവ അസാന്മാർഗ്ഗിക മാർഗത്തിൽ ഉപയോഗിക്കുവാൻ ഇടയാകരുത്.
10. ദിനചര്യകളിലും സമയവിനിയോഗത്തിലും ആത്മശിക്ഷണം (Self- discipline) പാലിക്കുവാൻ ബോധപൂർവം ശ്രമിക്കുക.

എല്ലാറ്റിനും ഉപരിയായി ദൈവാശ്രയവും പ്രാർത്ഥനയും ദൈനംദിന ജീവിതത്തിൽ ഉണ്ടാകണം. അപ്പോൾ ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നത്താൻ കാത്തുകൊള്ളുന്നതിന് സാധിക്കും.



# നമ്മുടെ താഴ്ചയിൽ നമ്മെ ഓർക്കുന്ന ദൈവം

**ജെ. ദാനാഭായി**

സങ്കീ. 136:23 – "നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്നു അവന്റെ ദയ എന്നേക്കുമുള്ളത്." സങ്കീ. 40:17– "ഞാനോ എളിയവനും ദരിദ്രനും ആകുന്നു. എങ്കിലും കർത്താവു എന്നെ വിചാരിക്കുന്നു."

സങ്കീ. 18:6 – "എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ച പേക്ഷിച്ചു. എന്റെ ദൈവത്തോടു നിലവിളിച്ചു; അവൻ തന്റെ മന്ദിര ത്തിൽ നിന്നും എന്റെ അപേക്ഷ കേട്ടു; തിരുമുമ്പാകെ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി."

ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് (1940–50 കളിൽ) ഞങ്ങ ളുടെ നാട്ടിൽ (നെയ്യാറ്റിൻകര-കുളത്തൂർ പ്രദേശത്ത്) ജാതി വ്യത്യാസം കൊടികുത്തി വാണിരുന്നു. വേനൽകാലത്ത് കുളിക്കാൻ ഞങ്ങൾ കുറെ ദൂരത്തുള്ള കുളത്തിലാണു പോയിരുന്നത്. ഒരു ദിവസം ഞാനും എന്റെ വലിയപ്പന്റെ മരുമകളായ ചേച്ചിയും കൂടെ കുളിക്കാൻ കുളത്തിൽ പോയി. ആ സമയത്തു എന്റെ ക്ലാസ്സിൽ എന്നോടൊപ്പം പഠിച്ചിരുന്ന ഒരു കുട്ടിയും അവളുടെ ചേച്ചിയും ആ കുളത്തിൽ കുളിച്ചുകൊണ്ടു നില ക്കുകയായിരുന്നു. എന്നെ കണ്ട ഉടനെ ആ കുട്ടി വളരെ സന്തോഷ ത്തോടെ "ഇവിടെ വാ, നമുക്കു ഒരുമിച്ച് നീന്തി കുളിക്കാം" എന്ന് പറഞ്ഞ് എന്നെ ആ കുട്ടി കുളിക്കുന്ന സ്ഥലത്തേക്കു വിളിച്ചു. **ഞാന ങ്ങോട്ടു പോയി. ആ കുട്ടിയോടൊപ്പം കുളിക്കാൻ തുടങ്ങിയപ്പോൾ, "നീ ആരാടീ, മജിസ്ട്രേറ്റ് ആണോ? നീ ഞങ്ങളോടൊപ്പം കുളിക്കാൻ" എന്നൊക്കെ പറഞ്ഞ് അവളുടെ ചേച്ചി എന്നെ ഇൻസൾട്ട് ചെയ്തു വഴക്കു പറഞ്ഞു. ഞാൻ കരഞ്ഞുകൊണ്ട് അവിടെ നിന്ന് കുളി ക്കാതെ കുറെക്കൂടെ ദൂരെയുള്ള മറ്റൊരു കുളത്തിൽ പോയി കുളി ച്ചിട്ട് ചേച്ചിയുമായി വീട്ടിലേക്കു പോയി. ആ സംഭവം എന്നെ വല്ലാതെ മുറിപ്പെടുത്തി.**

വർഷങ്ങൾക്കു ശേഷം 1985–ൽ ഞാൻ തിരുവനന്തപുരത്ത് വഞ്ചിയൂർ കോടതിയിൽ ജുഡീഷ്യൽ സെക്കന്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ആയി ജോലി ചെയ്യുമ്പോൾ, ഒരു പോലീസുകാരൻ ഒരു പ്രതിയെ റിമാൻഡ് ചെയ്യാനായി എന്റെ ചേമ്പറിൽ വന്ന് എന്നെ സല്യൂട്ട് ചെയ്തു.

പ്രതിയെ റിമാൻഡ് ചെയ്തു കഴിഞ്ഞിട്ട്, ഞാൻ അയാളുടെ പേരും സ്ഥലവും ചോദിച്ചു. അപ്പോൾ അയാളുടെ പേരും സ്ഥലവും അയാൾ പറഞ്ഞിട്ട് എന്നോടൊപ്പം പഠിച്ച കുട്ടിയുടെ ചേച്ചിയാണ് അയാളുടെ അമ്മ എന്നു പറഞ്ഞു. ഞാൻ അവരുടെ സുഖ വിവരം ചോദിച്ചിട്ട്, ഞാൻ അയാളുടെ കുഞ്ഞമ്മയുടെ ക്ലാസ്സ്മേറ്റ് ആണെന്നും, ഞാനാണ് ഇപ്പോൾ ഇവിടത്തെ മജിസ്ട്രേറ്റ് എന്നും അമ്മയോട് പ്രത്യേകം പറയണമെന്ന് പറഞ്ഞ് അയച്ചു.

**ഞാൻ മജിസ്ട്രേറ്റ് ആണോ എന്ന് എന്നെ പരിഹസിച്ച് പുച്ഛത്തോടെ ചോദിച്ചവളുടെ മകൻ, മജിസ്ട്രേറ്റ് ആയ എന്നെ സല്യൂട്ട് ചെയ്ത അവസ്ഥയിലേക്കു എന്നെ എത്തിച്ച വലിയവനായ ദൈവത്തിന്റെ ദയയും കരുണയും ഓർത്ത് ഞാൻ രഹസ്യത്തിൽ കരഞ്ഞു.**

സങ്കീ. 140:12– "യഹോവ പീഡിതന്റെ വ്യവഹാരവും ദരിദ്രന്മാരുടെ ന്യായവും നടത്തും എന്നു ഞാൻ അറിയുന്നു."


ഈ വിവരം, അന്ന് എന്നോടൊപ്പം ഉണ്ടായിരുന്ന ചേച്ചിയോട് ഞാൻ പറഞ്ഞപ്പോൾ അവർ സന്തോഷം കൊണ്ട് തുള്ളിച്ചാടി ദൈവത്തിന്നു നന്ദി പറഞ്ഞു. ●

## OBITUARY

| Sl No | Family No | Name | |
|---|---|---|---|
| 1 | 1510 | **Jebakumar S. Ambrose**<br>Danlee, TC-30/1749, Pallimukku, Pettah,<br>Trivandrum - 695024<br>Died on: 19-5-2023 |  |
| 2 | 828 | **Baby Sarojam**<br>Jebenem, Shawallace Road.<br>Nalanchira, Trivandrum-695015<br>Died on: 26-05-2023 |  |
| 3 | 1543 | **Linta Vincet**<br>Sangeeth, Near SRA-62,<br>Elipode, Valiyavila, Trivandrum-695006<br>Died on 27-05-23 |  |

# CROSSWORD PUZZLE 3

Compiled by :
**Premchand Johnson**



### Across

3. Blow a horn
5. Juicy fruit in Christmas carol
6. They are not behind you
9. Like an overly pampered child
10. Monthly usage charges
12. Out of date
14. Green gem
16. He saw the dry bones connected in the Bible
18. Time it taken by God to create the earth
19. Daylight ornamentaion of M.M.Church

### Down

1. A step down electrical gadget
2. A small mammal
4. It leavens the dough
6. Did your role in drama
7. Flower with a bulb
8. I will put a ----- of wool (Judg.6:37)
11. He' found grace in the eyes of the Lord'(gen 6)
13. 36 numbers of it is in grand piano
15. Voice over baritone in choir
16. Heart graph
17. An iced dessert

### Answers to puzzle 2

1) Glad tidings
2) Magnificat
3) Oasis
4) Erode
5) Franckincense
6) Nazarene
7) Hammer
8) Spores
9) Deer
10) Echoes
11) Glowed
12) Herod
13) Judea
14) Blessed
14) Bytes
15) Shalom
16) Arrow
16) Alpha
17) Taste
18) Rats
19) Tokyo

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge.

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **Epistle to Philippians4, Epistle to Colossians and the First Epistle to Thessalonians 1 to 5.** Kindly, read these ten chapters before attempting the quiz.In the reading portionApostle Paulencourages believers to fight against sin and pursue holiness.
Please substantiate your answers by stating references (verse) from the Bible.
The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before June23rdthrough email at **churchvoicequiz@gmail.com**

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
After taking a photo make sure that the answers are readable before sending it.
**Email is the only mode of communication.**

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link.*

1. Who told Paul about the love, of Church in Colossae, in the Spirit?
2. Where was Paul when he sent Timothy to Thessalonica?
3. Who was a cousin of Barnabas?
4. Which are shadow of the things that were to come?
5. Who did Paul urge to work with own hands?
6. Even though Paul wanted to come to Thessalonica, who stopped him?
7. Who sent aid to Paul when he was in Thessalonica, again and again when he was in need?
8. Who along with Paul and Timothy is writing the epistle to the Church of the Thessalonians?
9. What advice does Paul give the children since it pleases the Lord?
10. What should not be treated with contempt?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

The correct answers to the quiz from Galatians 6, Ephesians and Philippians 1 to 3

1. Timothy (Phil. 1:1)
2. Ephesians 3:20,21
3. Anyone who thinks they are something when they are not (Gal. 6:3)
4. Benjamin (Phil. 3:5)
5. The apostles and prophets (Eph. 2:20)
6. By the will of God (Eph. 1:1)
7. Epaphroditus (Phil. 2:25)
8. Devil (Eph. 4:27)
9. Salvation (Eph. 6:17)
10. All goodness, righteousness and truth (Eph. 5:9)

*List of people who had submitted the right answers*

1. Meehal Godwin
2. Sujana Satish
3. Jolly David
4. Helen Saramma E. H.
5. Lilora P. R.
6. Dora Johnson
7. Gladis J.
8. Jolly Irene G.
9. J. Sumangala
10. Dr. Mary Padmini Jasper
11. Anitha Kingsley
12. Mershika John J.
13. Girly Rajesh John
14. Rajesh John Ross
15. Soben S. L.
16. Reuben S. L.
17. Anie Reuben

*List of people who submitted answers with one wrong*

1. Nirmala Lal Jayakumar

## ചർച്ച്വോയിസ് ബൈബിൾക്വിസ്സ് മലയാളം പരിഭാഷ

**ജൂൺ 2023 ഫിലിപ്പിയർ 4, കൊലൊസ്യർ, 1 തെസ്സലൊനീക്ക്യർ 1–5**

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെകൂടെ പരിഗണിക്കുകയില്ല.

1. കൊലൊസ്സ്യസഭയ്ക്ക് ആത്മാവിനാലുള്ള സ്നേഹം പൗലൊ സിനോടു അറിയിച്ചത് ആര്?
2. തിമൊഥെയൊസിനെ തെസ്സലൊനീക്ക്യയിലേക്ക് അയച്ചപ്പോൾ പൗലൊസ് എവിടെ ആയിരുന്നു?
3. ബർന്നബാസിന്റെ മച്ചുനൻ ആര്?
4. വരുവാനിരുന്നവയുടെ നിഴൽ എന്ത്?
5. സ്വന്തകൈകൊണ്ടു വേല ചെയ്‌വാനും അഭിമാനം തോന്നേണം എന്നു പൗലൊസ് പ്രബോധിപ്പിച്ചത് ആരെ?
6. പൗലൊസ് ഒന്നു രണ്ടു പ്രാവശ്യം തെസ്സലൊനീക്ക്യയിലേക്ക് പോകാൻ വിചാരിച്ചെങ്കിലും തടുത്തത് ആര്?
7. പൗലൊസ് തെസ്സലൊനീക്ക്യയിൽ ആയിരുന്നപ്പോൾ തന്റെ ബുദ്ധിമുട്ടു തീർപ്പാൻ ഒന്നു രണ്ടു വട്ടം അയച്ചു കൊടുത്തത് ആര്?
8. പൗലൊസിനോടും തിമൊഥെയൊസിനോടും ചേർന്ന് തെസ്സ ലൊനീക്യസഭെക്കു ലേഖനമെഴുതിയതാര്?
9. കർത്താവിനു പ്രസാദകരമായഎന്തു ഉപദേശമാണ് പൗലൊസ് മക്കൾക്ക് നൽകുന്നത്?
10. എന്തിനെ തുച്ഛീകരിക്കരുത്?

**Called to Eternal rest**
**30-05-2023**



E. Nancy Walsalam Kochamma
wife of Rev. J. Walsalam who served our congregation during the period of MM Church Centenary Celebrations

**Safe in the arms of Jesus**
**30-05-2023**



Vimala Robinson
MM Church Sunday School teacher who ministered our children for over two decades.

"The righteous shall live by his faith" Habakkuk 2:4

# In Ever Loving Memory of



## Dr. T. Kishor Kumar (Sabu)

**Born : 22-03-1960 - Died : 17-10-2015**



## Mrs. Sheela S. John

**Born :03-07-1966 - Died : 03-06-2022**

Remembered by:

Dr. Gina S. Kumar & Er. Bina S. Kumar (Children)
Er. Varun Eby Abraham & Er. Gokul V. Nath (In-laws)
Nathasha, Abel & Clair (Grandchildren)

# 185$^{TH}$ CONGREGATIONAL DAY PART-2



## MEN'S FELLOWSHIP RETREAT

